# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **4486** **17.12.2014** - ൽ മറുപടിക്ക്

## വാട്ടർ അതോറിറ്റിയുടെ വികസന അജണ്ട

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.വി.വിജയദാസ് | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) വാട്ടർ അതോറിറ്റിയുടെ വികസന അജണ്ട നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) കേരള വാട്ടർ അതോറിറ്റി 273-ൽ പരം പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതിൽ 154 പദ്ധതികൾ മിഷൻ 676-ൽ ഉൾപ്പെടുത്തി പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു. ഈ 154 പദ്ധതികൾ പൂർത്തീകരിക്കുന്നതോടുകൂടി സംസ്ഥാനത്തെ 8: ലക്ഷം ജനങ്ങൾക്ക് കൂടി അധികമായി ശുദ്ധജലം എത്തിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. സ്ഥലത്തിന്റെയും സ്രോതസ്സിന്റെയും ഫണ്ടിന്റെയും ലഭ്യത അനുസരിച്ച് കൂടുതൽ പദ്ധതികൾ ഏറ്റെടുത്ത് 2030 ഓടെ എല്ലാവർക്കും എല്ലായ്പ്പോഴും ശുദ്ധജലം എത്തിക്കുവാൻ കേരള വാട്ടർ അതോറിറ്റി ലക്ഷ്യമിടുന്നു.<br><br>ജല അതോറിറ്റിയുടെ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് കൂടുതൽ സുതാര്യവും വേഗത്തിലും ആക്കുന്നതിനായി ഇ-ടെണ്ടറിംഗ് സമ്പ്രദായം ഏർപ്പെടുത്തിയും പദ്ധതികളുടെ പ്രധാന ഘടകങ്ങൾക്ക് സ്ഥലം ലഭ്യമാക്കുന്നതിലേയ്ക്കായി പഞ്ചായത്തുകളുമായി ആലോചിച്ച് അവ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുന്നതുമാണ്. |

ഇപ്പോൾ രൂപം നൽകിയിട്ടുള്ള പൈപ്പു പോളിസിയിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കി പഴകിയതും ഉപയോഗശൂന്യവുമായ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതു വഴി നിരന്തരമുള്ള പൈപ്പ്പൊട്ടൽ, ചോർച്ച മൂലമുള്ള ജലനഷ്ടം പരിഹരിക്കുവാനും ശുദ്ധജലവിതരണം കൂടുതൽ മെച്ചപ്പെടുത്തുവാനും ലക്ഷ്യമിടുന്നു. കൂടാതെ ജലസ്രോതസ്സുകൾ പുനരുദ്ധരിച്ചും, പഴയതും ഉപയോഗശൂന്യവുമായ പമ്പുകൾ, മോട്ടോറുകൾ എന്നിവ മാറ്റി സ്ഥാപിച്ചും ശുദ്ധജലവിതരണം സുഗമമാക്കുന്നതാണ്. ജല അതോറിറ്റിയുടെ സേവനം ജനങ്ങളിലേക്ക് ഏറ്റവും സൗകര്യമായ രീതിയിൽ എത്തിക്കുന്നതിന്റെ ഭാഗമായി ഏർപ്പെടുത്തിയ പോസ്റ്റ് ഓഫീസ്, ബാങ്ക്, ജനസേവന, അക്ഷയ കേന്ദ്രങ്ങൾ മുഖാന്തിരം പണമടയ്ക്കാനുള്ള സൗകര്യം കൂടുതൽ വ്യാപിപ്പിക്കുന്നതും വിപുലീകരിക്കുന്നതുമാണ്.

അതുപോലെ ഉപഭോക്താക്കൾക്ക് പുതിയ കണക്ഷൻ എടുക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ സെക്ഷൻ ഓഫീസിലേക്ക് മാറ്റിയിട്ടുണ്ട്. ഇതിലെ പോരായ്മകൾ പരിഹരിച്ച് കൂടുതൽ കണക്ഷനുകൾ നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

വെള്ളക്കരം കുടിശ്ശിക സംബന്ധിച്ച പരാതികൾ വേഗത്തിൽ തീർപ്പാക്കുന്നതിന് കേരള വാട്ടർ അതോറിറ്റി അദാലത്തുകൾ സംഘടിപ്പിക്കുന്നതാണ്.

ജലവിതരണവും സ്വീവറേജും സംബന്ധിച്ച് പരാതികൾ വേഗത്തിൽ തീർപ്പാക്കുന്നതിലേക്കായി നിലവിലുള്ള ടോൾഫ്രീ നമ്പർ സംവിധാനം കൂടുതൽ വ്യാപിപ്പിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ